# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2476** **14/06/2019-ൽ മറുപടിയ്ക്ക്**

## സംസ്ഥാന കാർഷിക വികസന ബാങ്കിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. രാജഗോപാൽ**<br>**,, പി.സി. ജോർജ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന കാർഷിക വികസന ബാങ്കിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്നാണ് ഭരണസമിതി തീരുമാനം എടുത്തത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 14-08-2018 ൽ കൂടിയ ഭരണസമിതി യോഗമാണ് ബാങ്കിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്തത്. (പകർപ്പ് **അനുബന്ധമായി** ചേർത്തിരിക്കുന്നു) എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. 11.03.2019 ലും 24.04.2019 ലും ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്ത ശേഷം ഏതൊക്കെ തസ്തികകളിൽ ബാങ്ക് നേരിട്ട് നിയമനം നടത്തുകയും പ്രൊമോഷൻ നൽകുകയും ചെയ്തു; വിശദമാക്കാമോ; | (ബി) | പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്ത ശേഷം പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളിലേയ്ക്ക് ബാങ്ക് നിയമനം നടത്തുകയോ പ്രൊമോഷൻ നൽകുകയോ ചെയ്തിട്ടില്ല. |
| (സി) | നിലവിൽ കാർഷിക വികസന ബാങ്ക് ജനറൽ മാനേജരായ ഉദ്യോഗസ്ഥയെ നിയമിച്ചിരിക്കുന്നത് ഏതൊക്കെ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ആണ്; ജനറൽ മാനേജർ ആകാൻ എന്തൊക്കെ യോഗ്യതകൾ വേണം; വിശദീകരിക്കാമോ? | (സി) | ജനറൽ മാനേജർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുവേണ്ട യോഗ്യതകൾ സഹകരണ ചട്ടം 186(ii) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.<br><br>മുൻ ഭരണസമിതി സഹകരണ ചട്ടങ്ങൾക്കു വിരുദ്ധമായി സി.ഐ.ഒ തസ്തികയിലുള്ള ആളിനെ ക്രമ വിരുദ്ധമായി ജനറൽ മാനേജരായി പ്രൊമോട്ട് ചെയ്ത് നിയമിക്കുകയുണ്ടായി. 2018 ൽ അംഗീകരിച്ച് പി.എസ്.സി. യ്ക്ക് നൽകിയ റിക്രൂട്ട്മെന്റ് റൂൾ പ്രകാരം ജനറൽ മാനേജർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുവേണ്ട യോഗ്യത താഴെ പറയുന്നതാണ്. |

| | | | |
|---|---|---|---|
| | | | 1. എം.ബി.എ (ഫിനാൻസ്) അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫ് ഇൻഡ്യയിലെ അംഗത്വവും സഹകരണ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല കമ്പനികൾ എന്നിവയിൽ മാനേജരീയൽ അല്ലെങ്കിൽ സൂപ്പർവൈസറി തസ്തികയിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.<br><br>2. ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% ത്തിൽ കുറയാത്ത മാസ്റ്റർ ബിരുദവും എച്ച്.ഡി.സി. അല്ലെങ്കിൽ ജെ.ഡി.സി യും കൂടാതെ സംസ്ഥാനത്തെ ബാങ്കിംഗ്/ സഹകരണ മേഖലയിലെ അപ്പെക്സ് സംഘം/അപ്പെക്സ് സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് എന്നിവയിലെ എക്സിക്യൂട്ടീവ് തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

B3.

E1 Q 31/8/18

**Decision taken on 14.08.2018 (BD)**

**Agenda No B1**

**B1 Sub:-** Recruitment through KPSC-reporting of vacancies-reg.

The Board considered the agenda and noted the content. Resolved to report the vacancies to Kerala Public Service Commission.

Sd/-
General Manager

Sd/-
President

**General Manager**

സെക്ഷൻ ഓഫീസർ